പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2869

10.03.2017-ൽ മറുപടിക്ക്

## മത്സ്യ തൊഴിലാളി പഞ്ഞമാസ സമാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി പഞ്ഞമാസ സമാശ്വാസ പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് എന്ത് തുകയാണ് അനുവദിക്കുന്നത്; | (എ) | ഉണ്ട്. ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾ അടയ്ക്കുന്ന വിഹിതമായ 1,500/- രൂപയും അതേ തോതിലുള്ള സംസ്ഥാന കേന്ദ്ര സർക്കാർ വിഹിതവും ഉൾപ്പെടെ 4,500/- രൂപ പഞ്ഞ മാസങ്ങളിൽ അനുവദിച്ച് നൽകുന്നു. |
| (ബി) | സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ നിർദേശ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരും 18 നും 60 നും ഇടയ്ക്ക് പ്രായമുള്ളവരും ആയിരിക്കണം. കടലോര മേഖലയിൽ മത്സ്യ വിപണനത്തിനും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്. |

സെക്ഷൻ ഓഫീസർ